

*അമൃത മെഡിക്കൽ കോളേജിൽ നടന്ന സിമ്പോസിയത്തിൽ പ്രൊഫ. എം.കെ. സാനു, ബാംഗ്ലൂർ അമൃതാനന്ദമഠാധിപതി അമൃതഗീതാനന്ദപുരി, ഡോ. എം.വി. പിള്ള, ഡോ. ഡാനിയൽ മോണ്ടി, ഡോ. സി.കെ. രാമചന്ദ്രൻ എന്നിവർ*

# 'ശരീരം, മനസ്സ്, ആത്മാവ്'

ഒരു പുസ്തകം പ്രകാശിപ്പിക്കുന്നതിനാണ് ഇക്കഴിഞ്ഞ ഏപ്രിൽ 27-ാം തീയതി ഞാൻ എറണാകുളം പ്രസ്ക്ലബ്ബിലെത്തിയത്. ചടങ്ങുകഴിഞ്ഞ് ഇറങ്ങാൻ നേരത്ത് ഡോ. എം.വി. പിള്ള സമീപത്തു നിൽക്കുന്നത് കണ്ടു ഞാൻ അത്ഭുതപ്പെട്ടു. കാൻസർ രോഗവിദഗ്ദ്ധനായ അദ്ദേഹം അമേരിക്കയിലാണ് സേവനം തുടരുന്നത്. ഡോക്ടറെന്ന നിലയിൽ അദ്ദേഹം ഏറെ പ്രസിദ്ധനാണ്. അസാധ്യരോഗങ്ങൾക്ക് ചികിത്സ തേടി അദ്ദേഹത്തെ സമീപിക്കുന്നവർക്ക് കണക്കില്ല. അവരെല്ലാവരേയും സുസ്മേരവദനനായി അദ്ദേഹം സ്വീകരിക്കുന്നു. ആശ്വാസം നൽകുന്നു. (അദ്ദേഹത്തിന്റെ ചികിത്സാവൈഭവം കെ. കരുണാകരനടക്കം അനേകം കേരളീയർ അനുഭവിച്ചറിഞ്ഞിട്ടുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ല.) അമേരിക്കയിലുള്ള അദ്ദേഹത്തെ എറണാകുളം പ്രസ്ക്ലബ്ബിൽ വച്ചു കണ്ടുമുട്ടിയതുമൂലമാണ് ഞാൻ അത്ഭുതാധീനനായത്.

അമൃതാഹോസ്പിറ്റലിന്റെ മേധാവിയായ ഡോ. പ്രേംനായരോടൊപ്പം നിൽക്കുന്ന അദ്ദേഹത്തെ സമീപിച്ച് ഞാൻ കുശലം അന്വേഷിച്ചു. ഭാഗിനേയനായ പൃഥ്വിരാജിന്റെ വിവാഹച്ചടങ്ങിൽ പങ്കെടുക്കുന്നതിനാണ് അദ്ദേഹം കേരളത്തിലെത്തിയിരിക്കുന്നത്. അതോടൊപ്പം, പ്രധാനപ്പെട്ട ഒരു ദൗത്യം നിർവ്വഹിക്കുകയെന്ന ചുമതലയും അദ്ദേഹം ഏറ്റെടുത്തിരുന്നു. അതെന്തെന്നു കേട്ടപ്പോൾ എന്റെ വിസ്മയം വർദ്ധിച്ചു.

ആത്മാവിനെക്കുറിച്ച് ഗവേഷണം നടത്തിയതിന്റെ ഫലമായി നവീനാശയങ്ങളിലെത്തിച്ചേർന്ന ഒരു അമേരിക്കൻ ഡോക്ടറെ അദ്ദേഹം തന്നോടൊപ്പം കൊണ്ടുവന്നിരിക്കുന്നത് ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായാണ്. ഡോ. ഡാനിയൽ മോണ്ടി(Dr. Daniel Monty) എന്നാണ് അദ്ദേഹത്തിന്റെ പേര്. അമേരിക്കയിൽ ലോക പ്രസിദ്ധിയാർജ്ജിച്ച ഒരു വൈദ്യശാസ്ത്രസ്ഥാപനത്തിൽ 'ഇന്റഗ്രേറ്റഡ് മെഡിസിൻ' എന്ന വിഭാഗത്തിന്റെ മേധാവിയാണ് അദ്ദേഹം. ചികിത്സയും പഠനവും ഗവേഷണവും മറ്റും സംയോജിപ്പിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾക്കിടയിലാണ് ഡോ. ഡാനിയൽ മോണ്ടിയുടെ അന്വേഷണം ആത്മാവ് എന്ന ആശയത്തിലേക്ക് തിരിഞ്ഞത്. ആത്മാവ് എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തായിരിക്കാം? രോഗനിർണ്ണയത്തിനും രോഗചികിത്സയ്ക്കും വേണ്ടി നടത്തുന്ന പരിശ്രമങ്ങൾക്കിടയിൽ മിന്നലാട്ടംപോലെ ഈ ചോദ്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിലുയർന്നു വന്നു. ചില നിരീക്ഷണങ്ങളാണ് അതിന് പ്രേരകമായത്.

ശരീരത്തിന്റെയും മനസ്സിന്റെയും അവസ്ഥാവിശേഷങ്ങൾ കൃത്യമായി രേഖപ്പെടുത്താനുപകരിക്കുന്ന അത്യാധുനികങ്ങളായ സാങ്കേതികോപകരണങ്ങൾ (സ്കാനിംഗിനും മറ്റുമുള്ള ഉപകരണങ്ങൾപോലെ) ആ സ്ഥാപനത്തിലുണ്ട്. മാനസികാസ്വാസ്ഥ്യങ്ങളുടെ യഥാർത്ഥ ഹേതുവെന്തെന്നറിയാൻ ഈ ഉപകരണങ്ങളും ഉപയോഗിച്ചുപോരുന്നു. അക്കൂട്ടത്തിൽ, മനസ്സിന്റെ സമുന്നതാവസ്ഥകളും നിരീക്ഷണവിധേയമാക്കി. ധ്യാനത്തിലൂടെ മനസ്സെത്തിച്ചേരുന്ന അലൗകികശാന്തിയെപ്പറ്റിയാണ് സമുന്നതാവസ്ഥയെന്നു പറയുന്നത്. യോഗാനുഭൂതിയെന്നും ഈശ്വരാനുഭൂതിയെന്നും മറ്റും അതേക്കുറിച്ച് നാം പറഞ്ഞുപോരുന്നു. അത് വാക്കുകളുടെ വിവരണത്തിലൊതുങ്ങുകയില്ല.

'അതെന്താണെന്ന് എനിക്കറിയാം;

പക്ഷേ, അതെന്താണെന്ന് പറയാൻ എനിക്കാവുകയില്ല' എന്ന് സെന്റ് അഗസ്റ്റിൻ എഴുതിയിട്ടുള്ളത് ഇവിടെ ഓർമ്മിച്ചുപോകുന്നു. നമ്മുടെ ഉപനിഷത്തുകളിൽ ഈ അവസ്ഥയെപ്പറ്റി ധാരാളം വിവരണങ്ങൾ കാണാം. പാശ്ചാത്യരായ മിസ്റ്റിക്കുകളും ഇതേക്കുറിച്ചെഴുതിയിട്ടുണ്ട്. ശ്രീനാരായണഗുരുവിന്റെ 'ചിജ്ജഡചിന്തനം'എന്ന കവിതയിലെ ആദ്യ ശ്ലോകം ഈ അലൗകികാനുഭൂതിയുടെ സ്വഭാവം വ്യക്തമാക്കുന്നു.

ഇതുപോലുള്ള യോഗാനുഭൂതിയിൽ ലയിച്ച് ശാന്തിനുകരുന്ന ടിബറ്റൻ സന്യാസിമാരെ ഡോക്ടർ ഡാനിയൽ മോണ്ടി സാങ്കേതികോപകരണങ്ങളുടെ സഹായത്താൽ പരിശോധിച്ചു നോക്കി. അവരുടെ മസ്തിഷ്ക്കത്തിന്റെ മർമ്മഭാഗങ്ങളിൽ ഒരു പ്രത്യേകതരം പ്രകാശം (അഥവാ തേജോവലയം) ആ സന്ദർഭത്തിൽ പ്രത്യക്ഷമാവുന്നത് അദ്ദേഹം സ്പഷ്ടമായി കണ്ടു. അനുഭൂതിയിൽ ലയിച്ചിരുന്ന സന്ദർഭത്തിലനുഭവപ്പെട്ട പരമമായ ആനന്ദത്തെക്കുറിച്ച് ആ സന്യാസിമാർ പിന്നീട്- അനുഭൂതിയിൽ നിന്നുണർന്നതിനുശേഷം- പറഞ്ഞു. അതെന്തെന്ന് വിവരിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല.

ധ്യാനനിമഗ്നരായി കഴിയുന്ന ടിബറ്റൻ സന്യാസിമാരിൽ ഈ പരീക്ഷണം ആവർത്തിച്ചു. മസ്തിഷ്കത്തിലുണരുന്ന തേജസ്സ് അപ്പോഴൊക്കെയും ദർശിക്കാൻ കഴിയുന്നു. ധ്യാനത്തിൽനിന്ന് (സമാധിയിൽനിന്ന്) ഉണർന്നതിനുശേഷം ലോകത്തെയാകെ ഒന്നായി ദർശിക്കുന്ന ഒരു വീക്ഷണമാണ് ആ സന്യാസിമാരിൽ തങ്ങിനിന്നത്.

ആ പരീക്ഷണത്തെക്കുറിച്ചറിഞ്ഞപ്പോൾ ഇന്ത്യയിലെ മഹർഷിമാരുടെ വിവരങ്ങൾ ഡോ. എം.വി. പിള്ളയുടെ ഓർമ്മയിൽ വന്നു. കുമാരനാശാന്റെ,

*ചന്തമേറിയ പൂവിലും*
*ശബളാഭമാംശലഭത്തിലും*

*സന്തതം കരതാരിയെന്നൊരു*
*ചിത്രചാതുരികാട്ടിയും*

*ഹന്ത! ചാരുകടാക്ഷമാലകളർക്ക*
*രശ്മിയിൽ നീട്ടിയും*

*ചിന്തയാം മണിമന്ദിരത്തിൽ*
*വിളങ്ങുമീശനെയോർക്കുവിൻ*

എന്ന ശ്ലോകം അദ്ദേഹം പ്രത്യേകമായി ഓർമ്മിച്ചു. ആർഷഭാരതത്തിന്റെ ഉൾക്കാഴ്ചയിൽനിന്നുത്ഭവിച്ച ഈ മഹനീയ വീക്ഷണം സ്ഥിരീകരിക്കുന്നതാണ് ഡോ. ഡാനിയൽ മോണ്ടിയുടെ പരീക്ഷണനിരീക്ഷണങ്ങളെന്ന് അദ്ദേഹം മനസ്സിലാക്കി.

അതെക്കുറിച്ച് ഭാരതീയരെ അറിയിക്കുക എന്നതായിരുന്നു ഡോ. എം.വി. പിള്ളയുടെ ആഗമനോദ്ദേശ്യം. അതിന് ഉചിതമായ വേദി കേരളത്തിൽ പോണേക്കരയിലെ അമൃതാനന്ദമയീ സ്ഥാപനമല്ലാതെ മറ്റെന്തുണ്ട്?

ആ സ്ഥാപനത്തിൽവച്ച് നടക്കുന്ന സിമ്പോസിയത്തെക്കുറിച്ച് പത്രക്കാരെ അറിയിക്കുന്നതിനാണ് ഡോ. പ്രേമായരോടൊപ്പം അദ്ദേഹം എറണാകുളം പ്രസ്സ് ക്ലബ്ബിലെത്തിയത്. അവിടെവച്ച് ഞങ്ങൾ യാദൃച്ഛികമായി കണ്ടുമുട്ടിയെന്നുമാത്രം.

ഏപ്രിൽ 30-ാം തീയതി ഉച്ചയ്ക്ക് രണ്ടുമണിക്കാണ് അമൃതാമെഡിക്കൽ കോളേജിൽവച്ച് സിമ്പോസിയം നടന്നത്. അതിലെ വിഷയം ഇതാണ്: 'ശരീരം, മനസ്സ്, ആത്മാവ്'(Body, Mind and soul) ഡോ.ഡാനിയൽ മോണ്ടിയാണ് പ്രമേയം അവതരിപ്പിച്ചത്. മസ്തിഷ്കത്തിന്റെ ഘടന ശാസ്ത്രീയസംജ്ഞകളുപയോഗിച്ച് അദ്ദേഹം വിശദീകരിച്ചു. അതിന്റെ പശ്ചാത്തലത്തിൽ തന്റെ പരീക്ഷണങ്ങളുടേയും നിഗമനങ്ങളുടേയും വിവരണം ചിത്രങ്ങളുടെ സഹായത്തോടെ സദസ്സിനുമുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

മുഖ്യപ്രഭാഷണം നടത്തിയത് ഡോ. എം.വി. പിള്ളയാണ്. സ്ലൈഡുകളുടെ സഹായത്തോടെയാണ് അദ്ദേഹം പ്രഭാഷണം തുടർന്നത്. സന്ദർഭങ്ങളിൽ വേദാന്തതത്ത്വങ്ങളും സാഹിത്യകൃതികളും മറ്റും പരാമർശിച്ചുകൊണ്ട് തുടർന്ന ആ പ്രഭാഷണം ഒരേസമയം രസകരവും വിജ്ഞാനപ്രദവുമായിരുന്നു. മനസ്സിന്റെ ബോധാതീതമേഖലയെ സംബന്ധിക്കുന്ന സത്യത്തിലേക്ക് സദസ്സിന്റെ അന്വേഷണത്വര ഉണർത്തിവിടുന്നതിൽ അദ്ദേഹം കൈവരിച്ച വിജയം തുലോം വിസ്മയകരമെന്നേ പറയേണ്ടു.

പാശ്ചാത്യപൗരസ്ത്യവൈദ്യശാസ്ത്രമേഖലകളിലൊരുപോലെ പ്രാവീണ്യം നേടിയ ഡോ. സി.കെ. രാമചന്ദ്രൻ ആ വിഷയത്തിന് കൂടുതൽ ആഴം നൽകിക്കൊണ്ട് ഒരു പ്രബന്ധം അവതരിപ്പിച്ചു. വേദങ്ങളെയും ഉപനിഷത്തുകളെയും ഗീതയെയും മാത്രമല്ല, അഷ്ടാംഗഹൃദയത്തെക്കൂടി ഉപജീവിച്ചുകൊണ്ടാണ് അദ്ദേഹം പ്രബന്ധത്തിന് ഗഹനതയരുളിയത്.

**ചികിത്സയും പഠനവും ഗവേഷണവും മറ്റും സംയോജിപ്പിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾക്കിടയിലാണ് ഡോ. ഡാനിയൽ മോണ്ടിയുടെ അന്വേഷണം ആത്മാവ് എന്ന ആശയത്തിലേക്ക് തിരിഞ്ഞത്. ആത്മാവ് എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തായിരിക്കാം? രോഗനിർണ്ണയത്തിനും രോഗചികിത്സയ്ക്കും വേണ്ടി നടത്തുന്ന പരിശ്രമങ്ങൾക്കിടയിൽ മിന്നലാട്ടംപോലെ ഈ ചോദ്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിലുയർന്നു വന്നു.**



അമൃതാമെഡിക്കൽ കോളേജിലെ ന്യൂറോളജിവിഭാഗം പ്രൊഫസ്സറായ ഡോ. ആനന്ദ്കുമാർ ശാസ്ത്രീയമായ വിശകലനത്തിനാണ് മുതിർന്നത്. സ്ലൈഡുകളുടെ സഹായത്തോടുകൂടി അദ്ദേഹം അവതരിപ്പിച്ച പ്രബന്ധം പ്രമേയത്തിന്റെ ശാസ്ത്രീയസ്വഭാവമെന്തെന്ന് വിശദമാക്കി.

ചെറിയ ചെറിയ കാര്യങ്ങളെക്കുറിച്ച് തർക്കിച്ച് സമയം പാഴാക്കിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ഈ സിമ്പോസിയം മഹനീയമായ ഒരനുഭവമായിരുന്നു. ●